

# എലീശ
# അത്ഭുതങ്ങളുടെ
# മനുഷ്യൻ

എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

കലപ്പ വലിക്കുവാൻ ആവശ്യത്തിന് കാളകൾ ഇല്ലായിരുന്നു അവിടെ. ഒരെണ്ണത്തിനെകൂടെ വേണമായിരുന്നു. അക്കാരണത്താൽ എലീശ എന്ന ചെറുപ്പക്കാരനായ കൃഷിക്കാരൻ പണി നിർത്തിയില്ല.



ഒരു കാളയുടെ കുറവുള്ളിടത്ത്
താൻ കയറിനിന്നു. ശക്തനും
ബുദ്ധിമാനുമായ ഒരു കഠിനാധ്വാനി
ആയിരുന്നിരിക്കണം ആ മനുഷ്യൻ.





അങ്ങനെ എലീശ
കലപ്പയുമേന്തി പണി
ചെയ്തുകൊണ്ടിരിക്കുമ്പോൾ
ദൈവത്തിന്റെ പ്രവാചകനായ
ഏലിയാവ് വന്ന് അദ്ദേഹത്തെ
വിളിച്ചു. ദൈവത്തിന്റെ
ദാസനോടൊപ്പം
ആയിരിക്കുവാൻ വേണ്ടി ആ
ചെറുപ്പക്കാരൻ

കൃഷിസ്ഥലം
വിട്ടുപോയി.



അങ്ങനെയിരിക്കെ ഒരു ദിവസം ദൈവം ഏലിയാവിനെ ചുഴലിക്കാറ്റിനാൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോയി. ഇപ്പോൾ ഇസ്രായേലിനുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവാചകൻ എലീശയാണ്.



ഏലിയാവ് പോയതിൽ
എലീശ ദുഃഖിതനായിരുന്നെങ്കിലും
ഏലിയാവിനുണ്ടായിരുന്നതുപോലെ
ശക്തി തനിക്കു നൽകണമെന്ന്
അദ്ദേഹം ദൈവത്തോട്
പ്രാർത്ഥിച്ചു.



എലീശ ഏലിയാവിന്റെ പുതപ്പ് എടുത്ത് ഏലിയാവ് ചെയ്തതുപോലെ നദിയിൽ ഒഴുകുന്ന വെള്ളത്തിൻമീതെ അടിച്ചു. വെള്ളം രണ്ടായി തിരിഞ്ഞു!

ദൈവം തന്നോടു കൂടെയുണ്ടെന്ന് ഇപ്പോൾ എലീശ അറിഞ്ഞു.



എലീശ ബഥേൽ
എന്ന പട്ടണത്തിലേക്ക്
പോകുമ്പോൾ, ചില
ബാലന്മാർ അദ്ദേഹത്തെ
പരിഹസിച്ചു, അവർ
വിളിച്ചുപറഞ്ഞു:
“മൊട്ടത്തലയാ
കയറിവാ!” എലീശ
ദൈവത്തിന്റെ
ശുശ്രൂഷകൻ
ആണെന്ന
കാര്യം അവർ
കണക്കാക്കിയില്ല.



ഭയാനകമായ ഒരു കാര്യം അവർക്ക് നേരിട്ടു. കാട്ടിൽനിന്ന് രണ്ടു പെൺകരടികൾ ഇറങ്ങിവന്ന് അവരിൽ നാല്പത്തിരണ്ട് ബാലന്മാരെ കീറിക്കളഞ്ഞു.



കടം വാങ്ങിയിരുന്ന
പണം തിരികെ
കൊടുക്കുവാൻ
വകയില്ലാതെ
വിഷമിക്കുന്ന
ഒരു വിധവയെ
ഒരിക്കൽ എലീശ
കണ്ടു. തന്റെ പണം
ഈടാക്കേണ്ടതിന്,
അവരുടെ രണ്ട്
പുത്രന്മാരെ അടിമകളായി
പിടിച്ചുകൊണ്ടുപോകുവാൻ
കടം കൊടുത്ത ആൾ
ശ്രമിക്കുകയായിരുന്നു.



“പോയി അയല്ക്കാരോടെല്ലാം പാത്രങ്ങൾ
വാങ്ങിച്ചുകൊണ്ടുവരിക... ഒഴിഞ്ഞ
പാത്രങ്ങളായിരിക്കണം,”
എലീശ പറഞ്ഞു. ആ
സ്ത്രീക്കുവേണ്ടി
ദൈവം ഒരു
അത്ഭുതം
ചെയ്യുവാൻ
പോകയായിരുന്നു.

ആ വിധവയ്ക്ക് ഒരു ഭരണിയിലെ എണ്ണ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ആ ഭരണിയിൽനിന്ന് ആ പാത്രങ്ങളിലെല്ലാം അവൾ എണ്ണ നിറച്ചു. അക്കാലത്ത് വലിയ ബാത്ടബ്ബുകൾ ഉണ്ടായിരുന്നെങ്കിൽ ദൈവം അതിനകത്തും നിറയ്ക്കുമായിരുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ആ വിധവ എണ്ണ വിറ്റു തന്റെ മക്കളെ വീണ്ടെടുത്തു.



എലീശ അതുവഴി വരുമ്പോഴൊക്കെയും
അദ്ദേഹത്തിന് വിശ്രമിക്കുവാൻവേണ്ടി
മറ്റൊരു സ്ത്രീയും അവരുടെ ഭർത്താവും
തങ്ങളുടെ വീട്ടിൽ ഒരു
പ്രത്യേക മുറി ഉണ്ടാക്കി.
ആ മുറിയിൽ
അവർ ഒരു
കിടക്കയും
ഒരു മേശയും
ഒരു കസേരയും
ഒരു വിളക്കും
വെച്ചു. ആ മുറി
എലീശയ്ക്കുവേണ്ടി
മാത്രം പണിതതാണ്.



ഈ ദമ്പതികൾ തന്നോടു കാട്ടിയ സ്നേഹത്തിന് എന്തു പ്രത്യുപകാരം നൽകണമെന്ന് എലീശ ചിന്തിച്ചു. അവർക്ക് മക്കൾ ഇല്ലെന്ന കാര്യം അറിഞ്ഞപ്പോൾ, എലീശ ആ സ്ത്രീയോട് വിശ്വസിക്കാൻ കടുപ്പമുള്ള ഒരു കാര്യം പറഞ്ഞു. “അടുത്ത വർഷം ഈ സമയത്ത് നീ ഒരു മകനെ അണെച്ചുകൊള്ളും” അത് സത്യമായിരുന്നു. അടുത്ത വർഷം അവൾക്ക് ഒരു മകൻ ജനിച്ചു.



ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ആ മകൻ തന്റെ അപ്പനോടൊപ്പം വയലിൽ ആയിരിക്കുമ്പോൾ, “എന്റെ തല, എന്റെ തല” എന്ന് അവൻ കരഞ്ഞു.



അവനെ അമ്മയുടെ അടുത്തുകൊണ്ടുവന്നപ്പോൾ മധ്യാഹ്നം വരെ അവളുടെ മടിയിൽ ഇരുന്നശേഷം അവൻ മരിച്ചുപോയി. അമ്മ അവനെ എലീശയുടെ മുറിയിലെ കിടക്കയിൽ കിടത്തി. അവളെ ആരു സഹായിക്കുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?



എലീശ എന്ന് നിങ്ങൾ പറഞ്ഞോ? ശരിയാണ്! അവൾ ഒരു കഴുതപ്പുറത്ത് കയറി അതിവേഗം ഓടിച്ചുപോയി, എലീശയെ അന്വേഷിച്ച്!



എലീശ അവളുടെ വീട്ടിൽ വന്നു, തനിച്ച് മുകളിലത്തെ മുറിയിലേക്ക് കയറിപ്പോയി, ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം ആ മകനെ ജീവിപ്പിച്ചു. എലീശ ആ സ്ത്രീയെ വിളിച്ചിട്ട് പറഞ്ഞു, "നിന്റെ മകനെ എടുക്കുക" അവൾ എത്ര സന്തുഷ്ടയായെന്നോ!





അടുത്ത രാജ്യമായ സിറിയയിൽ നയമാൻ എന്നു പേരുള്ള ഒരു സേനാപതി ജീവിച്ചിരുന്നു. അവൻ മഹാനും മാന്യനും ആയിരുന്നു. എന്നാൽ അവന് കുഷ്ഠരോഗം എന്ന സങ്കടകരമായ ഒരു ത്വക് രോഗം ഉണ്ടായിരുന്നു.

യിസ്രായേലിൽനിന്ന്
പിടിച്ചുകൊണ്ടുപോന്നിരുന്ന ഒരു
ചെറിയ അടിമ പെൺകുട്ടി നയമാന്റെ
ഭാര്യക്കുണ്ടായിരുന്നു. ഈ
പെൺകുട്ടി പറഞ്ഞു: “നയമാൻ
യിസ്രായേലിലെ പ്രവാചകന്റെ
അടുക്കൽ ഒന്ന് ചെന്നെങ്കിൽ
അവൻ അവന്റെ കുഷ്ഠരോഗം
മാറ്റിക്കൊടുക്കുമായിരുന്നു.”



നയമാൻ ആ പ്രവാചകനെ കാണുവാൻ ഒരുങ്ങി പുറപ്പെട്ടു. പ്രവാചകന് സമ്മാനം കൊടുക്കുവാൻ അവൻ വെള്ളിയും പൊന്നും മനോഹരമായ വസ്ത്രങ്ങളും കരുതിയിരുന്നു.





എലീശയുടെ ദാസൻ പുറത്തുവന്നു പറഞ്ഞു; “പോയി യോർദ്ദാൻനദിയിൽ ഏഴുപ്രാവശ്യം കുളിക്ക, എന്നാൽ നീ ശുദ്ധനാകും.” നയമാൻ ക്രുദ്ധനായി.



തന്റെ നാടായ
സിറിയയിലുള്ള
നദികളിലെ
ശുദ്ധജലത്തിൽ
തനിക്ക്
കുളിക്കരുതോ?
കുപിതനായി
വീട്ടിലേക്ക്
തിരിച്ചുപോകാൻ
അവൻ നിശ്ചയിച്ചു.



നയമാന്റെ
ഭാഗ്യത്തിന്,
എലീശയുടെ
വാക്കുകൾ
അനുസരിക്കുവാൻ
തന്റെ ദാസന്മാർ
അവനെ പ്രേരിപ്പിച്ചു.
അങ്ങനെ നയമാൻ
യോർദ്ദാൻനദിയിൽ
പോയി
ഏഴുപ്രാവശ്യം
മുങ്ങിക്കുളിച്ചു.



നയമാൻ എന്ന
കുഷ്ഠരോഗി
സൗഖ്യമായി!
അതുമുതൽ
നയമാൻ തന്നെ
കുഷ്ഠരോഗത്തിൽനിന്ന്
സൗഖ്യമായ
സത്യദൈവത്തെ–എലീശയുടെ
ദൈവത്തെ ആരാധിക്കുവാൻ
തുടങ്ങി.



ദൈവത്തിന്റെ
ദാസനായ എലീശയുടെ
മരണശേഷവും ദൈവം
അദ്ദേഹത്തെ ഉപയോഗിച്ചു.
കാലങ്ങൾക്കുമുമ്പ്
എലീശയെ അടക്കിയിരുന്ന
കല്ലറയിൽ ഒരുദിവസം
ഒരു മനുഷ്യനെ
അടക്കുകയായിരുന്നു.



ആ മനുഷ്യന്റെ ശരീരം
എലീശപ്രവാചകന്റെ
അസ്ഥികളിൽ
സ്പർശിച്ചപ്പോൾ ആ
മനുഷ്യൻ ജീവൻ
പ്രാപിക്കുകയും എഴുന്നേറ്റ്
നിൽക്കയും ചെയ്തു.
സത്യമായും ദൈവം
തന്റെ മഹാശക്തി തന്റെ
വിശ്വസ്തസേവകനായ
എലീശയിലൂടെ
വെളിപ്പെടുത്തി.

എലീശ അത്ഭുതങ്ങളുടെ മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

2 രാജാക്കന്മാർ 2–13

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയ്യുക. യോഹന്നാൻ 3:16